# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2147** | **18.03.2015**- ലെ മറുപടിക്ക്

**ആലില പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.അച്ചുതൻ<br>,, ബെന്നിബഹനാൻ<br>,, പാലോട് രവി<br>,, ആർ. സെൽവരാജ് | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ആലില പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകി കൊണ്ട് ഭൂമിയുടെ നല്ല നാളേയ്ക്കായി 5 ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുക എന്നതാണ് ആലില പദ്ധതി വഴി പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു. സഹകരണ സംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| സി) പദ്ധതിയുടെ കാലാവധി വ്യക്തമാക്കുമോ; | (സി) ഗാന്ധിജയന്തി ദിനമായ 2014 ഒക്ടോബർ 2-ാം തീയതി മുതൽ 2015 ജനുവരി 1 -ാം തീയതി വരെയായിരുന്ന 'ആലില' പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നത്. എന്നാൽ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള സഹകാരികളുടെ അപേക്ഷ പരിഗണിച്ച് ടി പദ്ധതിയുടെ കാലയളവ് 2015 മാർച്ച് 31-ാം തീയതി വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും, ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതു സ്ഥലത്തും വൃക്ഷത്തൈകൾ നട്ടുവരുന്നു. വനം വകുപ്പ്, കൃഷി വകുപ്പ്, സർക്കാർ നിയന്ത്രണത്തിലുള്ള |

ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും വൃക്ഷത്തൈകൾ സൗജന്യമായി ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്തു വരുന്നു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടു വളർത്തേണ്ട തിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് പ്രശംസാ പത്രങ്ങളും, അവാർഡും നൽകി വരുന്നു.

പദ്ധതിയുടെ ഏകോപനവും, അവലോകനവും ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാർ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ